പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2116 — 04.11.2019 ൽ മറുപടിക്ക്

**കോതമംഗലം മണ്ഡലത്തിൽ ആർദ്രം പദ്ധതി**

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി രണ്ടാം ഘട്ടത്തിൽ കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം പി. എച്ച്. സി. കളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതെന്ന് വ്യക്തമാക്കുമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി രണ്ടാം ഘട്ടത്തിൽ കോതമംഗലം മണ്ഡലത്തിലെ താഴെ പറയുന്ന പ്രാഥമികോരാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുണ്ട്.<br>1. പ്രാഥമികാരോഗ്യകേന്ദ്രം, കടവൂർ<br>2. പ്രാഥമികാരോഗ്യകേന്ദ്രം,പിണ്ടിമന<br>3. പ്രാഥമികാരോഗ്യകേന്ദ്രം, ചെറുവട്ടൂർ<br>4. പ്രാഥമികാരോഗ്യകേന്ദ്രം, കോട്ടപ്പടി<br>5. പ്രാഥമികാരോഗ്യകേന്ദ്രം, പുന്നേക്കാട്. |
| (ബി) | ഇതിന്റെ ഭാഗമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | കോട്ടപ്പടി, കടവൂർ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച നടന്നു വരുന്നു. |
| (സി) | ഓരോ കേന്ദ്രത്തിന്റെയും നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (സി) | നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പ്രാഥമികാരോഗ്യകേന്ദ്രം, കടവൂർ -നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.<br>2. പ്രാഥമികാരോഗ്യകേന്ദ്രം,പിണ്ടിമന<br>3. പ്രാഥമികാരോഗ്യകേന്ദ്രം, ചെറുവട്ടൂർ<br>4. പ്രാഥമികാരോഗ്യകേന്ദ്രം, പുന്നേക്കാട്<br>(2–4) ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.<br>5. പ്രാഥമികാരോഗ്യകേന്ദ്രം, കോട്ടപ്പടി-90% നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ച സീലിംഗ് ജോലികൾ പുരോഗമിക്കുന്നു. |
| (ഡി) | ഈ നിർമ്മാണങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങൾ സജ്ജമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഈ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ